# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 4255 — 16.12.2014-ൽ മറുപടിയ്ക്ക്

## സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം

**ചോദ്യം**

ശ്രീ.ഹൈബി ഈഡൻ
ശ്രീ.വി.റ്റി.ബൽറാം
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.പി.സി.വിഷ്ണുനാഥ്

**മറുപടി**

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലില്ല. എന്നാൽ സംസ്ഥാന/ജില്ലാതല സ്കൂൾ കലാ/കായിക മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് പ്രോത്സാഹന അവാർഡ് നൽകുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| ബി) | പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | ജില്ലാതല സ്കൂൾ കലാ/കായിക മത്സരങ്ങളിൽ സ്പോർട്സിലും ആർട്സിലും ഓരോ ഇനത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് 800/- രൂപയും രണ്ടാം സ്ഥാനം നേടുന്നവർക്ക് 600/- രൂപയും സംസ്ഥാനതല സ്കൂൾ കലാ/കായിക മത്സരങ്ങളിൽ സ്പോർട്സിലും ആർട്സിലും ഓരോ ഇനത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് 1000/- രൂപയും രണ്ടാം സ്ഥാനം നേടുന്നവർക്ക് 800/- രൂപയും പ്രോത്സാഹന അവാർഡ് നൽകി വരുന്നു. |

| | | | |
|---|---|---|---|
| സി) | സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | സി) | മേൽപ്പറഞ്ഞ അവാർഡുകൾക്ക് അർഹരായവർ മത്സരങ്ങളിൽ കരസ്ഥമാക്കിയ സ്ഥാന സാക്ഷ്യ പത്രങ്ങൾ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കുന്നത്. |
| ഡി) | ഏത് വർഷം മുതലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്? വിശദാംശങ്ങൾ നൽകാമോ? | ഡി) | 2005 മുതൽ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. സ്പെഷ്യൽ ഇൻസെന്റീവ് ടു ബ്രില്ല്യന്റ് സ്റ്റുഡന്റ് എന്ന ശീർഷകത്തിൽ നിന്നുമാണ് പദ്ധതി നടത്തിപ്പിനാവശ്യമായ തുക കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ